# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2662

17.10.2016 ൽ മറുപടിയ്ക്ക്

**പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ക്ലർക്ക്-കാഷ്യർ തസ്തികയിലേക്കുള്ള നിയമനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ക്ലർക്ക്-കാഷ്യർ തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തിയത് എന്നാണ്; പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്, കാഷ്യർ തസ്തികയുടെ നിയമനത്തിനായി OMR പരീക്ഷ നടന്നത് 19.12.2015-നാണ്. ടി തസ്തികയുടെ സാധ്യതാ പട്ടിക 2016 ഒക്ടോബർ അവസാനത്തോടെയും റാങ്ക് പട്ടിക നവംബർ മാസത്തിലും പ്രസിദ്ധീകരിക്കാൻ ജില്ലാ ഓഫീസുകൾക്ക് പി.എസ്.സി നിർദേശം നൽകിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തികയിലേക്കുള്ള ഷോർട്ട് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | |
| (സി) പരീക്ഷ എഴുതി കാത്തിരിക്കുന്ന പലരുടേയും പ്രായപരിധി കഴിയാറായതിനാൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ